ഉത്തരം

(എ) 3,638,864 പേർ സംസ്ഥാനത്ത് വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1,221,562 പേർ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 505;177 പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി വിവിധ ഒഴിവുകളിലേയ്ക്കായി നാമ നിർദ്ദേശം ചെയ്തിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള താൽക്കാലിക നിയമനങ്ങൾ

84 [538] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സർക്കാർ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്രപേർക്ക് താൽക്കാലിക നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ വർഷം തിരിച്ചും ജില്ല തിരിച്ചുമുള്ള വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-4-2004 വരെ 35,076 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയിട്ടുണ്ട്.

(ബി) വിവരം ചുവടെ ചേർക്കുന്നു.

വർഷം തിരിച്ചുള്ള കണക്ക്

വർഷം		*ജോലി ലഭിച്ചവർ*
5/2001 — 12/2001	..	9,992
1/2002 — 12/2002	..	11,538
1/2003 — 12/2003	..	10,162
1/2004 — 4/2004	..	3,384
ആകെ	..	35,076

LIBRARY ARCHIVES Kerala Legislative Assembly

ജില്ല തിരിച്ചുള്ള കണക്ക്

ജില്ല		ജോലി ലഭിച്ചവരുടെ എണ്ണം
തിരുവനന്തപുരം	..	7,506
കൊല്ലം	...	2,065
ആലപ്പുഴ	..	2,021
പത്തനംതിട്ട	..	1,084
കോട്ടയം	..	1,928
ഇടുക്കി	..	1,159
എറണാകുളം	..	4,858
തൃശ്ശൂർ	..	2,378
പാലക്കാട്	..	1,910
മലപ്പുറം	..	2,143
കോഴിക്കോട്	..	3,446
വയനാട്	..	633
കണ്ണൂർ	..	2,594
കാസറഗോഡ്	..	1,351
ആകെ	..	35,076

വികലാംഗ ഉദ്യോഗാർത്ഥികളുടെ നിയമനം

85 [539] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രപേർക്ക് സ്ഥിരം ജോലി ലഭിച്ചിട്ടുണ്ട്;

(സി) സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി പ്രമാണിച്ച്, താൽക്കാലിക ജോലിയുണ്ടായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തുന്ന പദ്ധതിപ്രകാരം എല്ലാവരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly